# Visit of Minister of State for External Affairs, Shri V. Muraleedharan to attend UN Security Council High Level Meeting

October 10, 2021

---

## ഐക്യ രാഷ്ട്ര സഭ സുരക്ഷ കൌൺസിൽ ഉന്നതതള യോഗത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ സഹമന്ത്രി വി.മുരളീധരന്റെ സന്ദർശനം

ഒക്ടോബർ 10, 2021

2021 ഒക്ടോബർ 11 മുതൽ13 വരെയുള്ള വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ ന്യൂയോർക്കിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. സന്ദർശന വേളയിൽ,2021 ഒക്ടോബർ 12 ന് സമാധാനം.കെട്ടിപ്പടുക്കുന്നതും സമാധാനസുസ്ഥിരതയും എന്ന വിഷയത്തിലുള്ള ഐക്യരാഷ്ട്ര സഭ സുരക്ഷ കൗൺസിൽ ഉന്നതതല തുറന്ന ചർച്ചയിൽ വിദേശകാര്യമന്ത്രി ഇന്ത്യയെ പ്രതിനിധീകരിക്കും. 2021 ഒക്ടോബർ മാസത്തിൽ യുഎൻ സെക്യൂരിറ്റി കൗൺസിലിന്റെ അധ്യക്ഷസ്ഥാനം വഹിക്കുന്ന കെനിയയാണ് യോഗം വിളിച്ചു ചേർക്കുന്നത് കൂടാതെ ബഹുമാനപ്പെട്ട കെനിയ പ്രസിഡന്റ ഉഹുറു കെനിയാട്ട അദ്ധ്യക്ഷത വഹിക്കും.

2. സമാധാനപരമായ സഹവർത്തിത്വം പ്രചരിപ്പിക്കുകയും വൈവിദ്ധ്യങ്ങളെ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്തു കൊണ്ട്, ഘർഷങ്ങൾ തടയുന്നതിനും സംഘർഷം പരിഹരിക്കുന്നതിനും സുസ്ഥിതി കെട്ടിപ്പടുക്കുന്നതിനും യുഎൻ സുരക്ഷാ കൗൺസിൽ ഉന്നതതല യോഗം ശ്രദ്ധ കേന്ദ്രീകരിക്കും. സമാധാനം കെട്ടിപ്പടുക്കുന്നതിലും സമാധാനം നിലനിർത്തുന്നതിലും പ്രായോഗിക പരിശ്രമങ്ങളിലൂടെയുള്ള ഉൾക്കാഴ്ചകളും അനുഭവങ്ങളും പങ്കിടുന്നതിന് അംഗരാജ്യങ്ങൾക്ക് ഈ ചർച്ച ഒരു വേദിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. സംഘർഷത്തിൽ നിന്ന് മാറുന്ന രാജ്യങ്ങളുടെ സമാധാനം കെട്ടിപ്പടുക്കുന്നതിനും സാമൂഹിക-സാമ്പത്തിക വികസനത്തിനും ഇന്ത്യ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ഇന്ത്യയുടെ വികസന പങ്കാളിത്തം ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ളതും സുസ്ഥിരമായ ശേഷി വികസനത്തിന് ഉതകുന്നതുമാണ്. ഐക്യരാഷ്ട്ര സഭ ഉൾപ്പെടെയുള്ള ഞങ്ങളുടെ അന്താരാഷ്ട്ര പങ്കാളികളുമായി ഇന്ത്യ തുടർന്നും അത്തരം ശ്രമങ്ങൾ നടത്തുന്നതാണ്.

ന്യൂ ഡെൽഹി
ഒക്ടോബർ 10, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.